**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 439

29.06.2016- ൽ മറുപടിക്ക്

## നന്മസ്റ്റോറുകൾ അഭിവൃദ്ധിപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി) |
| (എ) അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപന നടത്തുന്നതിന് വേണ്ടി ആരംഭിച്ച നന്മ സ്റ്റോറുകളുടെ അവസ്ഥ പരിതാപകരമാണ് എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്.<br>കൺസ്യൂമർ ഫെഡറേഷനിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മൂലം ചില കാലഘട്ടങ്ങളിൽ നന്മ സ്റ്റോറുകളിൽ വേണ്ടത്ര സാധനങ്ങൾ എത്തിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ച് വരുന്നു. |
| (ബി) നന്മ സ്റ്റോറുകൾ അഭിവൃദ്ധിപ്പെടുത്തി സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) വിലവർദ്ധനവിന് സാധ്യതയുള്ള ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ ഇടപെട്ട് അവശ്യനിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ വർഷം മുഴുവനും മിതമായ വിലയ്ക്ക് അവശ്യ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ നന്മ സ്റ്റോറുകളിലൂടെ വിപണനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ